

# ഹജ്ജ്
# സംശയ നിവാരണം-2

**അബ്ദുല്ല മൻഹാം**

**സുഊദി അറേബ്യയിലെ ഇസ്‌ലാമിക കാര്യമന്ത്രാലയം പ്രസിദ്ധീകരിച്ച ഹജ്ജിനെക്കുറിച്ച ഫത്‌വകളുടെ സമാഹാരത്തെ അധികരിച്ച് തയാറാക്കിയത്.**

*ദുൽഹജ്ജ് എട്ടിന് രാത്രി (ഒമ്പതാം രാവിൽ) മിനായിൽ രാപാർക്കാൻ കഴിയാതെ വന്നാൽ എന്താണ് വിധി?*

അറഫാദിനത്തിന്റെ തലേ ദിവസം (ദുൽഹജ്ജ് എട്ട്) രാത്രി മിനായിൽ താമസിക്കുന്നത് ഐഛികമാണ് (സുന്നത്ത്). അതുപേക്ഷിച്ചാൽ ദോഷമില്ല. നബി(സ)യുടെ മാതൃക പിൻപറ്റി രാത്രി മിനായിൽ താമസിക്കുന്നതാണ് ഉത്തമം. പിറ്റേന്ന് രാവിലെ ഫജ്ർ നമസ്കരിക്കുന്നതും മിനായിൽതന്നെ.

* * *

*അറഫാമലയുടെ മുകളിലുള്ള പള്ളിയിൽ ഹാജിമാർ നമസ്കരിക്കുന്നതും അതിന്റെ ചുമരുകളിൽ ഭക്തിയോടെ തടവുന്നതും അവിടെ നേർച്ചപ്പണം നിക്ഷേപിക്കുന്നതും കണ്ടിട്ടുണ്ട്. അത് ശരിയാണോ?*

ജബലുർറഹ്മ എന്ന പേരിലറിയപ്പെടുന്ന അറഫയിലെ മലമുകളിൽ വെച്ച് നമസ്കരിക്കുന്നത് ബിദ്അത്താണ്. അറഫയിലെ നമിറ മസ്ജിദിന്റെ സ്ഥാനത്ത് വെച്ചാണ് നബി(സ) തന്റെ വിടവാങ്ങൽ ഹജ്ജിൽ (ഹജ്ജത്തുൽ വിദാഅ്) ളുഹ്റും അസ്റും നിർവഹിച്ചത്. അറഫ മുഴുവനും ഹജ്ജിലെ സുപ്രധാനമായ ഒരു കർമത്തിനുള്ള അഥവാ ദുൽഹജ്ജ് ഒമ്പതിന് നിൽക്കാനുള്ള സ്ഥലമാണ്. അത് ജനങ്ങൾക്ക് താമസിക്കാനുള്ള സ്ഥലമല്ല. അതിനാൽ അവിടെ നമിറയെ കൂടാതെ മസ്ജിദുകളും വേണ്ടതില്ല. അപ്പോൾ ജബലുർറഹ്മയിൽ പള്ളി പണിയുക എന്നതു തന്നെ ബിദ്അത്താണെന്ന് കാണാം. അവിടെ ചെന്ന് നമസ്കരിക്കുക എന്നത് മറ്റൊരു ബിദ്അത്തും. നമസ്കാരം നിഷിദ്ധമായ സമയത്ത് നമസ്കരിക്കുകയാണെങ്കിൽ അത് മൂന്നാമതൊരു ബിദ്അത്തും ആകുന്നു.

* * *

*മുസ്ദലിഫയിൽനിന്ന് അർധരാത്രിയായാൽ മിനായിലേക്ക് പോകാൻ വൃദ്ധർക്ക് അനുവാദമുണ്ടല്ലോ. ആ ഇളവ് ഉപയോഗപ്പെടുത്തി മിനായിലെത്തിയാൽ അവർക്ക് രാത്രി തന്നെ ജംറത്തുൽ അഖബയിൽ കല്ലെറിയാനും ത്വവാഫുൽ ഇഫാദ ചെയ്യാനും പറ്റുമോ? അതല്ല, സൂര്യോദയം വരെ കാത്തിരിക്കണമോ?*

ഇളവുള്ള ആളുകൾ മുസ്ദലിഫയിൽനിന്ന് നേരത്തേ പുറപ്പെടുകയും മിനായിൽ എത്തുകയും ചെയ്താൽ അവർക്ക് അഖബയിൽ കല്ലെറിയാം. ത്വവാഫുൽ ഇഫാദയും ചെയ്യാം. രാവിലെ വരെ കാക്കേണ്ടതില്ല.

* * *

*വൃദ്ധന്മാരുടെയോ രോഗികളുടെയോ സ്ത്രീകളുടെയോ ഒപ്പം മുസ്ദലിഫയിൽനിന്ന് അർധരാത്രിക്കു ശേഷം മിനായിലേക്ക് പോകുന്ന ആരോഗ്യവാന്മാരായ സഹായികൾക്ക് അവരോടൊപ്പം എറിയാമോ?*

എറിയാം. മേൽപറഞ്ഞ ഇളവുകളുള്ള ആളുകൾക്കും അവരുടെ സഹായികൾക്കും ഒരേ നിയമമാണ്. അവർക്ക് രാത്രിതന്നെ എറിയാം.

* * *

*പടുവൃദ്ധനായ ഹാജിക്ക് വിടവാങ്ങൽ ത്വവാഫും കല്ലേറും മറ്റൊരാളെ ഏൽപിക്കാമോ? അതല്ല, അയാൾ ഫിദ്‌യ (ബലിയറുത്ത് പ്രായശ്ചിത്തം) കൊടുക്കേണ്ടതുണ്ടോ? ഫിദ്‌യ അറുക്കുന്നത് സ്വന്തം നാട്ടിൽ ചെയ്യാമോ? അതല്ല, ഹറമിൽ വെച്ച് തന്നെ വേണോ?*

വിദാഇന്റെ ത്വവാഫിന് വക്കാലത്ത് കൊടുത്ത് മറ്റൊരാളെ ഏൽപിക്കുന്നത് ശരിയാവില്ല. എന്നാൽ കല്ലേറിന് മറ്റൊരാളെ ഏൽപിക്കാം. പ്രായശ്ചിത്തത്തിന് ബലിയറുക്കുന്നത് ഹറമിൽ (മക്ക, മിനാ) വെച്ചായിരിക്കുകയും വേണം.

* * *

*ദുൽഹജ്ജ് പതിനൊന്നിന് ജംറയിൽ കല്ലെറിഞ്ഞ ശേഷം ചില ഹാജിമാർ പന്ത്രണ്ടിന് കല്ലെറിയാൻ ആളുകളെ ഏർപ്പാട് ചെയ്ത് മിനായിൽനിന്നും യാത്രയായി. അവർ മക്കയിൽ പോയി ത്വവാഫുൽ വിദാഉം ചെയ്ത് നേരെ ജിദ്ദയിൽ ചെന്ന് വിമാനം വഴി നാട്ടിലേക്ക് മടങ്ങി. വിമാന ടിക്കറ്റിൽ മടക്ക യാത്രക്കുള്ള തീയതി മാറ്റാൻ സാധ്യമല്ലാത്തതിനാലാണ് ഇങ്ങനെ ചെയ്തത്. ഇവരുടെ ഹജ്ജ് സാധുവാണോ? ഇവർ പ്രായശ്ചിത്തം കൊടുക്കേണ്ടതുണ്ടോ?*

ചോദ്യത്തിൽ പറഞ്ഞ പ്രകാരം സംഭവിച്ചാൽ ഹജ്ജ് സാധുവാണ്. എന്നാൽ പതിനൊന്നിന് രാത്രി മിനായിൽ താമസിക്കുക എന്ന വാജിബ് ഒഴിവാക്കിയതിനാൽ അവരുടെ ഹജ്ജിന്റെ പൂർണതക്ക് കോട്ടം വന്നിട്ടുണ്ട്. പന്ത്രണ്ടാം തീയതി കല്ലെറിയാത്തതും കുറവ് തന്നെ. 'നിങ്ങൾ ഹജ്ജും ഉംറയും പൂർത്തിയാക്കുവിൻ' (*അൽബഖറ* 196) എന്ന അല്ലാഹുവിന്റെ കൽപനക്ക് വിപരീതമാണിത്. പശ്ചാത്തപിക്കുകയും അല്ലാഹുവോട് മാപ്പിരക്കുകയും ചെയ്യേണ്ടതുണ്ട്. അവർ ബലിയറുക്കുകയും വേണം. മിനായിൽ പതിനൊന്നാം തീയതി രാപാർക്കാത്തതിന് ഒരു ബലിയും പന്ത്രണ്ടാം തീയതി ജംറയിൽ കല്ലെറിയാത്തതിന് മറ്റൊരു ബലിയും ത്വവാഫുൽ വിദാഅ് ചെയ്യാത്തതിന് മൂന്നാമതൊരു ബലിയും അറുക്കൽ നിർബന്ധമാണ്. കല്ലേറിന്റെ സമയമാകുന്നതിന് മുമ്പേ മക്ക വിട്ടുപോയതിനാൽ അവരുടെ വിധി കല്ലെറിയാത്തവനെ പോലെയാണ്. ഹജ്ജ് കർമങ്ങൾ പൂർത്തിയാക്കുന്നതിനു മുമ്പേ ത്വവാഫുൽ വിദാഅ് ചെയ്തതിനാൽ അതും പരിഗണിക്കപ്പെടില്ല.

* * *

*ഹജ്ജ് കർമങ്ങൾ പൂർത്തിയാക്കിയാൽ മുടി വെട്ടുന്നതോ പൂർണമായും കളയുന്നതോ ഏതാണ് ഉത്തമം? തലമുടി ചില ഭാഗം മാത്രം വെട്ടിയാൽ മതിയാകുമോ?*

ഹജ്ജിലും ഉംറയിലും മുടി കളയലാണ് ഉത്തമം. കാരണം റസൂൽ(സ) മുടി കളഞ്ഞവർക്ക് അല്ലാഹുവിന്റെ മഗ്ഫിറത്തും റഹ്മത്തും ഉണ്ടാവട്ടെ എന്ന് മൂന്നുവട്ടം പ്രാർഥിച്ചിട്ടുണ്ട്. മുടി വെട്ടിയവർക്ക് വേണ്ടി ഒരു വട്ടവും. അതിനാൽ മുടി കളയുന്നതാണ് ഉത്തമം. എന്നാൽ ഹജ്ജിന്റെ അടുത്ത നാളിലാണ് ഉംറ ചെയ്തതെങ്കിൽ മുടി വെട്ടുന്നതാണ് ഉത്തമം. ഹജ്ജിൽ മുടി കളയാൻ വേണ്ടി. തലമുടിയുടെ ചില ഭാഗങ്ങൾ മാത്രം കളയുന്നതും അല്ലെങ്കിൽ വെട്ടുന്നതും മതിയാകില്ല എന്നതാണ് കൂടുതൽ പ്രബലമായ അഭിപ്രായം. തലമുടി മുഴുവൻ വെട്ടുകയോ കളയുകയോ ചെയ്യണം. വെട്ടുമ്പോഴും കളയുമ്പോഴും വലതുഭാഗത്തു നിന്നും തുടങ്ങുന്നതാണ് ഉത്തമം.

* * *

*ത്വവാഫിനിടയിൽ ഹിജ്ർ ഇസ്മാഈലിൽ പ്രവേശിക്കുന്നത് അനുവദനീയമാണോ?*

ഹജ്ജിലായാലും ഉംറയിലായാലും സുന്നത്തായ ത്വവാഫിലായാലും കഅ്ബാ പ്രദക്ഷിണം നടത്തുമ്പോൾ ഹിജ്റിൽ പ്രവേശിക്കാൻ പാടില്ല. കാരണം ഹിജ്ർ കഅ്ബയിൽ പെട്ടതാണ്. ത്വവാഫ് ചെയ്യേണ്ടത് കഅ്ബക്ക് ചുറ്റുമായിരിക്കണം. അകത്തായിരിക്കരുത്. പുരാതനമായ ഭവനത്തിന് ചുറ്റും അവർ ത്വവാഫ് ചെയ്യട്ടെയെന്നാണ് ഖുർആൻ വാക്യം (*അൽഹജ്ജ്* 29). ■